**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** **07-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തബാധിതരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് അധികസഹായം നേടുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ച നിവേദനം തയ്യാറാക്കുന്നതിന് പരിഗണിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | രാജ്യത്ത് ദുരന്തപ്രതികരണ, ദുരിതാശ്വാസ, പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഏക സാമ്പത്തിക സ്രോതസ്സ് ദേശീയ - സംസ്ഥാന ദുരന്ത പ്രതികരണ നിധി (NDRF/SDRF)യാണ്. നിശ്ചിത മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഓരോ ശീർഷകങ്ങളിലും പ്രതീക്ഷിക്കുന്ന പരമാവധി ചെലവ് കണക്കാക്കിയാണ് മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.<br><br>മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട പ്രാഥമിക വിലയിരുത്തലിൽ ഉണ്ടായിട്ടുള്ള ആകെ നാശനഷ്ടം 1202 കോടി രൂപയുടേതാണ്.<br><br>ഇതിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെട്ടുവരുന്ന ഇനങ്ങളിൽ സംഭവിച്ചിട്ടുള്ള യഥാർത്ഥ നഷ്ടം 614.6 കോടി രൂപയുടേതാണ്.<br><br>എന്നാൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നും യഥാർത്ഥ നഷ്ടം (actual loss) മാനദണ്ഡമാക്കിയല്ല ധനസഹായം അനുവദിക്കുന്നത്.<br>SDRF മാനദണ്ഡങ്ങളിൽ ഇനിയും ഉൾപ്പെട്ടിട്ടില്ലാത്ത നാശനഷ്ടം 587.5 കോടി രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്.<br><br>ഇപ്രകാരം പ്രാഥമിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 1,202 കോടി രൂപയുടെ ധനസഹായത്തിനുള്ള മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിവേദനത്തിൽ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾ സംബന്ധിച്ച് അടിസ്ഥാനരഹിതമായ വിവരങ്ങൾ ഉൾപ്പെടുത്തി | (ബി) | കേന്ദ്ര സർക്കാരിൽ നിന്ന് അടിയന്തിരമായി ധനസഹായം ലഭിക്കുന്നതിന് മുൻകാലങ്ങളിൽ അവലംബിച്ച രീതി തന്നെയാണ് ഇത്തവണയും |

| | | | |
|---|---|---|---|
| | തുക ഉയർത്തി കാണിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ; | | മെമ്മോറാണ്ടം തയ്യറാക്കുന്നതിൽ അവലംബിച്ചിട്ടുള്ളത്.<br><br>ഓഗസ്റ്റ് 9, 2024 ന് കേന്ദ്ര സംഘം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമൊപ്പം സ്ഥല സന്ദർശനം നടത്തിയിരുന്നു.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ 90 ദിവസത്തെ സർക്കാർ തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രതീക്ഷിത ചെലവുകൾ കണക്കാക്കിയാണ് മെമ്മോറാണ്ടം തയ്യാറാക്കിയത്. ഇത് പൂർണ്ണമായും ദേശീയ തലത്തിൽ നിലനിൽക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമാണ്.<br><br>അടിസ്ഥാനരഹിതമായ ഒരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | ദുരിതബാധിതർക്ക് അർഹതപ്പെട്ട സഹായം നിഷേധിക്കുവാൻ ഇടയാകുന്ന രീതിയിൽ അശാസ്ത്രീയമായി നിവേദനം തയ്യാറാക്കിയ നടപടി തിരുത്തുവാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള ദുരന്തങ്ങൾക്ക് അടിയന്തിര ധനസഹായം ആവശ്യപ്പെട്ട് മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുള്ള അതേ രീതിയിൽ തന്നെയാണ് 2024 ൽ മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ടുള്ള മെമ്മോറാണ്ടവും തയ്യാറാക്കിയിട്ടുള്ളത്.<br><br>ഇത് ദേശീയ തലത്തിൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതവും, കേരളവും മറ്റ് സംസ്ഥാനങ്ങളും മുൻകാലങ്ങളിൽ കേന്ദ്ര സർക്കാരിന് നൽകി വരുന്ന മാതൃകയിൽ ഉള്ളതും രാജ്യമൊട്ടാകെ അംഗീകരിക്കപ്പെട്ട രീതിയിൽ ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ളതുമാണ്.<br><br>മെമ്മോറാണ്ടം തയ്യാറാക്കുന്ന സമയം വരെയുള്ള ചെലവുകൾക്ക് പുറമെ രക്ഷാപ്രവർത്തനത്തിനും പുനർ നിർമ്മാണത്തിനുമായി പ്രതീക്ഷിക്കുന്ന പരമാവധി ചെലവുകൾ മാനദണ്ഡങ്ങൾക്ക് വിധേയമായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള കണക്കുകളാണ് മെമ്മോറാണ്ടത്തിൽ ഉള്ളത്. |
| (ഡി) | ദുരന്ത പ്രതിരോധ പുനരധിവാസ പ്രവർത്തനങ്ങൾ സംബന്ധിച്ച വസ്തുനിഷ്ഠമായ വിവരങ്ങളും ആവശ്യങ്ങളും ഉൾപ്പെടുത്തി കേന്ദ്രസഹായം നേടിയെടുക്കാനുള്ള പ്രായോഗിക സമീപനം സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിനും കേന്ദ്ര സർക്കാരിൽ നിന്നും പരമാവധി ധനസഹായം ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡ പ്രകാരം സ്വീകരിക്കാവുന്ന ഏറ്റവും പ്രായോഗികമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് ധനസഹായം അനുവദിക്കുന്ന മാനദണ്ഡങ്ങൾ അല്ല നിലവിൽ സംസ്ഥാന ദുരന്തപ്രതികരണ നിധിയ്ക്ക് ഉള്ളത്. കേരളം പോലുള്ള സംസ്ഥാനങ്ങളുടെ പ്രാദേശിക സവിശേഷതകളും, ജീവിത നിലവാരവും കൂടി |

| | | | |
|---|---|---|---|
| | | | പരിഗണിച്ച് മാനദണ്ഡങ്ങൾ പരിഷ്കരിച്ചാൽ മാത്രമേ മാതൃകാപരമായ ദുരിതാശ്വാസവും, പുനരധിവാസം സാധ്യമാവുകയുള്ളു.<br><br>മേപ്പാടി പഞ്ചായത്തിലെ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് അന്താരാഷ്ട്ര തലത്തിൽ സ്വീകരിക്കുന്ന പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് (PDNA) ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ കൂടെ സഹകരണത്തോടെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തിയിട്ടുണ്ട്.<br><br>ഇതിലൂടെ യഥാർത്ഥ നഷ്ടം കണക്കാക്കി പരമാവധി കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും ദുരന്ത ബാധിതരുടെ പുനരധിവാസം സാധ്യമാക്കുന്നതിനും കഴിയും. മാനദണ്ഡങ്ങൾക്ക് അപ്പുറം ഈ ദുരന്തത്തിന് പ്രത്യേക പരിഗണന നൽകി നഷ്ടപരിഹാരം നൽകണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ